## പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 2629

12.03.2018-ന് മറുപടിയ്ക്ക്

## സ്കൂളുകളിൽ ഇംഗ്ലീഷ് പഠനനിലവാരം ഉയർത്തുന്നതിനായി ഹലോ ഇംഗ്ലീഷ് പദ്ധതി

**ചോദ്യം**

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
,, എ.പി. അനിൽ കുമാർ
,, ഐ.സി.ബാലകൃഷ്ണൻ
,, എം. വിൻസെന്റ്

**മറുപടി**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണെന്ന കാഴ്ചപ്പാടോടെ വിദ്യാഭ്യാസ വകുപ്പ് ഏറ്റെടുത്ത് നടത്തുന്ന പദ്ധതികൾ എന്തൊക്കെയാണ്;

(എ) ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികൾക്ക് നൽകുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

- മലയാളത്തിളക്കം
- ഹലോ ഇംഗ്ളീഷ്
- ഗണിതവിജയം
- എല്ലാവരും സ്വതന്ത്ര വായനക്കാർ
- ക്ലാസ് ലൈബ്രറി
- ക്ലാസ് ഗണിതലാബ്
- ടാലന്റ് ലാബ്
- ജൈവവൈവിദ്ധ്യഉദ്യാനം
- പ്രാദേശിക പ്രതിഭാകേന്ദ്രങ്ങൾ
- അദ്ധ്യാപക പഠന കൂട്ടായ്മകൾ
- വിദ്യാലയ കൂട്ടുചേരൽ പരിപാടി
- സാമൂഹിക ഉൾച്ചേർക്കൽ പരിപാടി
- ശാസ്ത്രോത്സവം
- ഗണിതോത്സവം
- രക്ഷാകർതൃ പരിശീലനം
- ശാസ്ത്ര പഠനയാത്രകൾ
- ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവയുമായുള്ള മെന്ററിംഗ്
- പഠന നേട്ടങ്ങൾ പ്രസിദ്ധപ്പെടുത്തൽ
- എന്റെ മലയാളം
- സുരീലി ഹിന്ദി
- ലിറ്റിൽ ഗലീലിയോ

കൂടാതെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി 'ശ്രദ്ധ', 'നവപ്രഭ' തുടങ്ങിയ പദ്ധതികളും നടപ്പാക്കിവരുന്നു. തുല്യത, ഗുണത എന്നിവയ്ക്ക് ഊന്നൽ നൽകുന്നതിനായി ഓരോ സ്കൂളിനും തനതായ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനും അതിന്റെ തുടർ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ സ്കൂളുകളിൽ ഇംഗ്ലീഷ് പഠനനിലവാരം ഉയർത്തുന്നതിനായി നടപ്പാക്കിയ ഹലോ ഇംഗ്ലീഷ് പദ്ധതി വിജയപ്രദമായിരുന്നോ; വിശദമാക്കാമോ;

(ബി) പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് എസ്.സി.ഇ.ആർ.ടി നടത്തിയ പഠന റിപ്പോർട്ട് പ്രകാരം പദ്ധതിയിലൂടെ ഇംഗ്ലീഷ് ഭാഷയിൽ ക്ലാസ് റൂം വിനിമയം നടത്താൻ അദ്ധ്യാപകർക്ക് ആത്മവിശ്വാസം കൈവരിച്ചിട്ടുള്ളതായും അപ്രകാരം ഇംഗ്ലീഷ് പഠനം മെച്ചപ്പെട്ടിട്ടുള്ളതായും കണ്ടെത്തിയിട്ടുണ്ട്.

(സി) അദ്ധ്യാപക പരിശീലനത്തിലൂടെ പഠനബോധന തന്ത്രങ്ങൾ വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഉണ്ട്. അവധിക്കാല അദ്ധ്യാപക പരിശീലനത്തിലൂടെ പാഠ്യപദ്ധതി വിനിമയത്തിൽ നൂതന മാർഗ്ഗങ്ങൾ അവലംബിക്കാൻ അദ്ധ്യാപകരെ സജ്ജരാക്കാൻ കഴിഞ്ഞിട്ടുണ്ട്. സാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള പഠനം, ഭിന്നശേഷിക്കാരുടെ പഠനം തുടങ്ങിയവയ്ക്ക് പരിശീലനത്തിൽ ഊന്നൽ നൽകിവരുന്നു. വിലയിരുത്തലിനുള്ള ശേഷി വികസിപ്പിക്കാനുള്ള അനുഭവങ്ങൾ നൽകാനും കഴിഞ്ഞിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ സർക്കാർ സ്കൂളുകൾ പരിപോഷിപ്പിക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനം നടത്തുന്നതിനും പാകപ്പിഴകൾ സമയബന്ധിതമായി പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

(ഡി) സ്കൂൾ മോണിറ്ററിംഗ്, പദ്ധതികളുടെ അവലോകനം, പാകപ്പിഴകൾ സമയബന്ധിതമായി പരിഹരിക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ